**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഡി.ആർ.ഡി.എ. ജീവനക്കാരുടെ ശമ്പളം ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേഷൻ ഫണ്ടിൽ നിന്നും 2501-01-196-48 (02) DRDA Administrative Cost (PV) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 1000/2017/തസ്വഭവ. തിരുവനന്തപുരം, തീയതി, 30.03.2017.

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 29.09.2015, 27.02.2016, 10.01.2017, 28.01.2017 എന്നീ തീയതികളിലെ 7532/ഡി.പി.1/15/സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

ദാരിദ്ര്യ ലഘൂകരണ വിഭാഗം (ഡി.ആർ.ഡി.എ) ഭരണച്ചെലവുകൾക്കായുള്ള ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേഷൻ ഫണ്ടിനത്തിൽ ജില്ലകൾ നേരിടുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത്, ഡി.ആർ.ഡി.എ ഭരണച്ചെലവുകൾക്കുള്ള തുക മറ്റ് പദ്ധതികളിൽ നിന്നും കൂടി വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശ കത്തുകൾ പ്രകാരം ഗ്രാമവികസന കമ്മീഷണർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡി.ആർ.ഡി.എ കളിലെ പ്രോജക്ട് ഡയറക്ടർ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി & എം), അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (വനിതാ വികസനം) എന്നീ ജീവനക്കാരുടെ ശമ്പളം ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേഷൻ ഫണ്ടിൽ നിന്നും നൽകുന്ന രീതി നിലനിർത്തിയും ബാക്കി ജീവനക്കാരായ സീനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക്, സീനിയർ ക്ലാർക്ക്, ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, പാർട്ട് ടൈം സ്വീപ്പർ, നൈറ്റ് വാച്ച്മാൻ തുടങ്ങിയ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും 2017-18 സാമ്പത്തിക വർഷം 2501-01-196-48-(02) 'DRDA Administrative Cost'(PV)എന്ന ശീർഷകത്തിൽ വകയിരുത്തിയ 4 കോടി രൂപയിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**കെ.എസ്. ബിന്ദു**
അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് ആന്റ് ന്യൂ മീഡിയ)
ധനകാര്യ വകുപ്പ്(Dev-2/69/2015-Fin പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ